

# മുട്ടം സാന്ത്വനം ചാരിറ്റബിൾ സൊസൈറ്റിയുടെ
# പ്രഥമ എക്സലൻസ് അവാർഡ്
# ശ്രീ. അലക്സ് ബേബിക്ക്

പ്രവാസികൾക്ക് അഭിമാനമായി നിരവധി വ്യക്തി പ്രഭാവങ്ങൾക്കും അവരുടെ വളർച്ചയ്ക്കും വികാസത്തിനും സാക്ഷിയായ മണ്ണാണ് ബഹ്റൈൻ എന്ന പവിഴദ്വീപ്. ഇവിടെ സ്വന്തം കർമ്മശേഷിയുടെ തിളക്കത്താൽ പ്രകാശം പരത്തുന്ന അതുല്യ വ്യക്തിത്വമാണ് മധ്യതിരുവിതാംകൂറിലെ ഓണാട്ടുകര സ്വദേശി ശ്രീ. അലക്സ് ബേബി. കാൽനൂറ്റാണ്ട് ആയി ബഹ്റൈനിൽ പ്രവാസ ജീവിതം നയിക്കുന്നു. മെക്കാനിക്കൽ എഞ്ചിനീയർ ആയി ഔദ്യോഗിക ജീവിതം ആരംഭിച്ച്, ഇലക്ട്രോ മെക്കാനിക്ക്, ഇൻഡസ്ട്രിയൽ മെന്റേണൻസ് തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചു. ഇപ്പോൾ പ്രശസ്തമായ പ്രോടെക് എഞ്ചിനീയറിംഗ് കമ്പിനി ഉൾപ്പെടെ നിരവധി ബിസിനസ് സംരംഭങ്ങൾ ബഹ്റൈനിലും ഖത്തറിലുമായി കെട്ടിപ്പടുത്തു.

ഹരിപ്പാട് കാർത്തികപ്പള്ളിയിലെ പ്രശസ്ത കുടുംബമായ തുണ്ടിൽ പുഷ്പവിലാസം ബംഗ്ലാവിൽ ബേബിയുടേയും അന്നമ്മയുടേയും മകനാണ്. പ്രവാസി ഭാരതീയ സമ്മാന ജേതാവും ബഹ്റൈനിലെ മുതിർന്ന പത്രപ്രവർത്തക നുമായ ശ്രീ. സോമൻ ബേബിയുടെ സഹോദരനാണ്. എസ്.എസ്.എൽ.സിക്ക് ആലപ്പുഴ ജില്ലയിൽ നിന്നും ഉയർന്ന മാർക്ക് കരസ്ഥമാക്കി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് കോതമംഗലം എൻജിനീയറിംഗ് കോളേജിൽ നിന്നും മൂന്നാം റാങ്കോടെ മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബിരുദവും, മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. ബി. എ യും കരസ്ഥമാക്കി. 1990 ൽ പ്രവാസ ജീവിതത്തിനു തുടക്കമിട്ടു. തൊഴിലാളിയിൽ നിന്നും തൊഴിൽ ദാതാവിലേക്കുള്ള മിന്നുന്ന പ്രയാണത്തിനാണ് പിന്നീട് പവിഴദ്വീപ് സാക്ഷ്യം വഹിച്ചത്.

സുനാമിയും പ്രളയവും നാടിനെ പിടിച്ചുകുലുക്കിയപ്പോൾ മറ്റ് വിദേശ മലയാളി സുഹൃത്തുക്കളുടെ സഹായത്തോടെ ചികിത്സാ സഹായങ്ങളും ഭവന നിർമ്മാണങ്ങളും നടത്തി. സാമൂഹിക രംഗത്തും, ആതുരസേവനരംഗത്തും അദ്ദേഹത്തിന്റെ കൈത്താങ്ങുകൾ വേദനിക്കുന്നവർക്ക് ആശ്വാസമേകുന്നു.

ബഹ്റൈൻ ഇന്ത്യ എജ്യൂക്കേഷൻ ആൻഡ് കൾചറൽ ഫോറം ചെയർമാൻ, മലങ്കര ഓർത്തോഡോക്സ് സഭയുടെ മാനേജിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിലും തന്റെ സാമൂഹിക പ്രവർത്തനമേഖയിൽ വെളിച്ചം പകരുന്നു. റെനി അലകസ് ആണ് ഭാര്യ. മൂത്ത മകൻ അലക്സ് ഗ്രിഗറി ബേബി ഖത്തറിൽ മെക്കാനിക്കൽ എഞ്ചിനീയർ ആണ്. ഇളയമകൻ ആൻഡ്രൂ ബേബി അലക്സ് മദ്രാസിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി.

2021 ൽ രജതജൂബിലി വർഷത്തിൽ സാന്ത്വനം ചാരിറ്റബിൾ സൊസൈറ്റി ഏർപ്പെടുത്തുന്ന 'എക്സലൻസ് അവാർഡി'ന്റെ പ്രഥമജേതാവായി ശ്രീ. അലക്സ് ബേബിയെ തിരഞ്ഞെടുത്തിരിക്കുന്നു.

ദീർഘവീക്ഷണവും ഇച്ഛാശക്തിയും കൊണ്ട് നേട്ടങ്ങളുടെ പടവുകൾ കയറിയ ശ്രീ. അലക്സ് ബേബിയുടെ മാതൃകാജീവിതത്തെ സാന്ത്വനം ആദരിക്കുന്നു.